ഞ്ഞത്തു കൊണ്ടു യഹൂദാ ഉടനെ അടുത്തു? യേശുവോടു ഗുരൊ! സലാം എന്നു പറഞ്ഞു ചുംബിച്ചാറെ, യേശു സ്നേഹിതാ! നീ എന്തിന്നു വന്നു യഹൂദാ ചുംബനം കൊണ്ടു മനുഷ്യപുത്രനെ കാണിച്ചു കൊടുക്കുന്നുവൊ എന്നു പറഞ്ഞതിന്റെ ശേഷം, അവർ അരികെ വന്നു യേശുവിന്മേൽ കൈകളെ വെച്ചു പിടിച്ചു; ആയത് ശിഷ്യന്മാർ കണ്ടപ്പോൾ, യേശുവോടു കർത്താവെ, വാൾ കൊണ്ടു വെട്ടാമൊ? എന്നു ചോദിച്ചു ഉടനെ പേത്രൂ വാൾ ഊരി പ്രധാനാചാര്യന്റെ ഭൃത്യനായ മല്ക്കി എന്നവനെ വെട്ടി വലത്തെ ചെവി മുറിച്ചു കളഞ്ഞു. അപ്പോൾ യേശു ഇനി വിടുവിൻ എന്നു കല്പിച്ചു, അവന്റെ ചെവിയെ തൊട്ടു സൌഖ്യമാക്കി പേത്രൂവോടു; വാൾ ഉറയിലിടുക വാളെടുക്കുന്നവരെല്ലാം വാളിനാൽ വീഴും; എൻ പിതാവ് എനിക്ക് തന്ന പാനപാത്രം ഞാൻ കുടിക്കാതിരിക്കുമൊ എന്നു പറഞ്ഞ ശേഷം, ശിഷ്യന്മാർ എല്ലാവരും അവനെ വിട്ടോടിപ്പോയി ഒരു വസ്ത്രം പുതെച്ചു അവന്റെ വഴിയെ ചെന്നൊരു ബാല്യക്കാരനെ ആയുധക്കാർ പിടിച്ചപ്പോൾ അവൻ പുതപ്പു വിട്ടു നഗ്നനായി ഓടിപ്പോയി. പിന്നെ അവർ യേശുവിനെ പിടിച്ചു കെട്ടി ആചാര്യന്മാരും ഉപാദ്ധ്യായന്മാരും മൂപ്പന്മാരും കൂടിയിരിക്കുന്ന പ്രധാനാചാര്യന്റെ അരമനയിലേക്ക് കൊണ്ടുപോയി, കർത്താവിനെ ഒരു നാളും വിടുകയില്ലെന്നു പറഞ്ഞ വാക്കോർത്തു പേത്രൂവും ദൂരെ അവന്റെ പിന്നാലെ കാര്യത്തീർപ്പ് അറിയേണ്ടതിന്നു അരമനയിൽ പുക്കു, ശീതം നിമിത്തം തീക്കാഞ്ഞു കൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥരുടെ കൂട്ടത്തിൽ

